പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 788 24.07.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന നഷ്ടം

ചോദ്യം

ശ്രീ. കെ. കെ. ജയചന്ദ്രൻ :
" എളമരം കരീം :
" വി. ശിവൻകുട്ടി :
" സി. കൃഷ്ണൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന നഷ്ടം എത്ര കോടി രൂപയാണ്; കഴിഞ്ഞ വർഷത്തെ പ്രതിദിന നഷ്ടം എത്രയായിരുന്നു; | (എ) | കെ.എസ്.ആർ.ടി.സി.യുടെ 2011 - 12 -ലെ കണക്കുപ്രകാരം പ്രതിദിന നഷ്ടം 1.03 കോടി രൂപയാണ്. എന്നാൽ വരുമാനവും, ചെലവും തമ്മിലുള്ള പ്രതിദിന അന്തരം 1.83 കോടി രൂപയുമാണ്.<br>2010 - 11 -ലെ കണക്ക് അനുസരിച്ച് പ്രതിദിന നഷ്ടം 0.81 കോടി രൂപയും, വരുമാനവും ചെലവും തമ്മിലുള്ള അന്തരം 1.25 കോടി രൂപയുമാണ്. |
| (ബി) | പ്രതിദിന നഷ്ടത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ബസ്സുകൾ കട്ടപ്പുറത്തിരിക്കുന്നത് പ്രതിദിന നഷ്ടത്തിന്റെ പ്രധാന കാരണമായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; | (ബി) | പ്രതിദിനനഷ്ടത്തിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു;<br>1. പുതിയ ബസ്സുകൾ വാങ്ങുന്നതിനും പെൻഷൻ നൽകുന്നതിനും ഉൾപ്പടെ കെ.എസ്.ആർ.ടി.സി എടുത്ത വായ്പകളും, അതിന്റെ തിരിച്ചടവുകളും.<br>2. സാമൂഹിക പ്രതിബദ്ധതയ്ക്കു വേണ്ടി നടത്തുന്ന ബസ് സർവ്വീസുകളും, കൺസഷനുകളും മറ്റ് സേവനങ്ങളും മൂലമുള്ള ബാധ്യത.<br>3. പെൻഷൻ ബാദ്ധ്യതയും, മറ്റ് അനുബന്ധ ചെലവുകളും.<br>4. കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളുടെ അഭാവം.<br>ബസ്സുകൾ കട്ടപ്പുറത്തിരിക്കുന്നത് പ്രതിദിന നഷ്ടത്തിന്റെ പ്രധാന കാരണമായി കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കൂടുമ്പോഴും പോലീസുകാർക്ക് സൗജന്യയാത്ര നൽകുന്ന കാര്യം ആലോചിക്കുക യാണെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ? | (സി) | ഉണ്ട്. പോലീസുകാർക്ക് സൗജന്യയാത്ര നൽകുന്നത് സംബന്ധിച്ച് ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.<br>ഇക്കാരണത്താൽ ഇതിന്റെ സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ